# യഹോവയ്ക്കായി കാത്തിരിക്കുക

## യെശയ്യാവ് 30:18

"അതുകൊണ്ടു യഹോവ നിങ്ങളോടു കൃപ കാണിപ്പാൻ താമസിക്കുന്നു; അതുകൊണ്ടു അവൻ നിങ്ങളോടു കരുണ കാണിക്കാതവണ്ണം ഉയർന്നിരിക്കുന്നു; യഹോവ ന്യായത്തിന്റെ ദൈവമല്ലോ; അവന്നായി കാത്തിരിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ."

ദൈവം നമ്മോട് കൃപ കാണിക്കാൻ താമസിക്കുന്നത് നമ്മെ ശുദ്ധീകരിച്ച് വിശ്വാസത്തിൽ സ്ഥിരതയുള്ളവരാക്കാനാണ്. അതിനാൽ നാം ക്ഷമയോടെ അവന്റെ കൃപയ്ക്കായി കാത്തിരിക്കണം. നമ്മുടെ നന്മയ്ക്കായി ദൈവം കൃപ കാണിക്കാൻ താമസം വരുത്തു മ്പോൾ പലപ്പോഴും നാം കാത്തിരിക്കുന്നതിനു പകരം പിറുപിറുക്കുകയാണ് ചെയ്യാറുള്ളത്. ആഴമേറിയ അനേക അനുഭവങ്ങളും പ്രധാനമായ അനുഗ്രഹങ്ങളും യഹോവയ്ക്കായി ക്ഷമയോടെ കാത്തിരിക്കുന്നതിൽ നിന്ന് നാം പ്രാപിക്കുന്നു. അത് പലപ്പോഴും കഷ്ടതയുടെ പാതയിലായിരിക്കും ലഭ്യമാകുന്നത്.

യാക്കോബിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് അതാണ്. ദൈവത്തിൽ വിശ്വാസ മുണ്ടായിരുന്നെങ്കിലും അനാവശ്യ സമയത്ത് ആ വിശ്വാസം ബലഹീനമായി ദൈവ ഉദ്ദേശ്യങ്ങളിൽ നിന്നും വ്യതിചലിച്ച് അനുഗ്രഹങ്ങളെ നഷ്ടമാക്കി തന്റെ സഹോദരൻ ഏശാവ് തന്നെ സേവിക്കുമെന്നുള്ള (ഉല്പത്തി 25:23) വാഗ്ദത്തം നിവർത്തിപ്പാൻ ക്ഷമയോടെ കാത്തിരിക്കാൻ യാക്കോബിനു സാധിച്ചില്ല. അവൻ സഹോദരനെ വഞ്ചിച്ച് ജ്യേഷ്ഠാവകാശം കൈവശമാക്കി കൂടാതെ അനുഗ്രഹങ്ങളും കവർന്നു. അന്ധനായ തന്റെ പിതാവിനോടു അസത്യം പറഞ്ഞു ദൈവനാമം വൃഥാ എടുത്തു. ഒടുവിൽ ഭവനം വിട്ട് ഓടിപ്പോയി 20 വർഷം അന്യദേശത്തു പാർത്തു. തന്റെ മാർഗ്ഗമദ്ധ്യേ സ്വർഗ്ഗത്തോളം എത്തുന്ന ഗോവണിയുടെ ദർശനം സ്വപ്നത്തിൽ കണ്ടു. വഞ്ചനയാലല്ലാത്ത തന്റെ ജീവകാലം പടിപടിയായി കയറി പോകേണ്ടിയിരുന്ന യാക്കോബ് അത് അഭ്യസിച്ചില്ല. "ഞാൻ നിന്നോടു കൂടെ ഇരിക്കുകയും നിന്നെ കാത്തുകൊള്ളുകയും ചെയ്യും" എന്ന ദൈവ വാഗ്ദത്തം മറന്ന് ഹാരാനിൽ വച്ച് ദൈവത്തെ ആശ്രയിക്കാതെ ഉപായത്തിൽ കാര്യസാധ്യത്തിനായി ശ്രമിച്ചു. ഒടുവിൽ യാക്കോബിന്റെ കടവിൽ ഏകനായിരുന്നപ്പോൾ ദൈവം സന്ദർശിച്ചു. അവിടെ അവൻ പൂർണ്ണമായി തന്നെ പ്രതിഷ്ഠിച്ചു. പിന്നീടു മിസ്രയീമിൽ ചെന്നു യോസേഫിനെ രാജ്യത്തിന്റെ അധിപതിയായി കാണുമ്പോഴും യാക്കോബ് പറയുന്നത് "ഞാൻ ഇപ്പോൾ തന്നെ മരിച്ചാലും വേണ്ടില്ല" എന്നാണ് (ഉല്പത്തി 46:30) എന്നാൽ ദൈവത്തിന്റെ അനുഗ്രഹങ്ങൾ പ്രാപിക്കാൻ

ജീവിച്ചിരിക്കാനുള്ള കാലമായിരുന്നു എന്നു യാക്കോബ് മനസ്സിലാക്കിയില്ല. സകലവിധ സമൃദ്ധിയോടുംകൂടി വീണ്ടും 17 വർഷം അവൻ ജീവിച്ചിരുന്നു.

അതിനാൽ പ്രിയ ദൈവമക്കളേ, ദൈവത്തിന്റെ സമയത്തിനായും, മറുപടിക്കായും, വാഗ്ദത്ത നിവൃത്തിയ്ക്കായും നാം ക്ഷമയോടെ കാത്തിരിക്കണം. പ്രയാസങ്ങളും കഷ്ടങ്ങളും ജീവിതത്തിൽ വരുമ്പോൾ അത് കയ്പ്പോടെ കാണാതെ, വാഗ്ദത്ത നിവൃത്തിയ്ക്കുള്ള ഒരു അഭ്യസനം ആയിക്കണ്ട് അനുഗ്രഹങ്ങൾക്കായി കാത്തിരിക്കുക. പിറുപിറുപ്പും തിടുക്കവും കാണിച്ച് ദൈവം നമുക്കായൊരുക്കിയിരിക്കുന്ന വിലയേറിയ അനുഗ്രഹങ്ങൾ നഷ്ടമാകാതിരിക്കട്ടെ. അതിനായി നമുക്ക് ദൈവസന്നിധിയിൽ പ്രാർത്ഥനയോടും, വചനത്തിൽ വിശ്വസിച്ചും, ആത്മാവിൽ ആരാധിച്ചും സമർപ്പണത്തോടെ വാഗ്ദത്ത നിവൃത്തിയ്ക്കായി കാത്തിരിക്കാം.

**പരാമർശം:**

സങ്കീർത്തനം 40:8

എന്റെ ദൈവമേ, നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ പ്രിയപ്പെടുന്നു. നിന്റെ ന്യായപ്രമാണം എന്റെ ഉള്ളിൽ ഇരിക്കുന്നു.

എബ്രായർ 10:5–9

ആകയാൽ ലോകത്തിൽ വരുമ്പോൾ: "ഹനനയാഗവും വഴിപാടും നീ ഇച്ഛിച്ചില്ല; എന്നാൽ ഒരു ശരീരം നീ എനിക്കു ഒരുക്കിയിരിക്കുന്നു. സർവ്വാംഗ ഹോമങ്ങളിലും പാപ യാഗങ്ങളിലും നീ പ്രസാദിച്ചില്ല. അപ്പോൾ ഞാൻ പറഞ്ഞു: ഇതാ, ഞാൻ വരുന്നു; പുസ്തകച്ചുരുളിൽ എന്നെക്കുറിച്ചു എഴുതിയിരിക്കുന്നു; ദൈവമേ, നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ വരുന്നു" എന്നു അവൻ പറയുന്നു. ന്യായപ്രമാണപ്രകാരം കഴിച്ചുവരുന്ന യാഗങ്ങളും വഴിപാടും സർവ്വാംഗഹോമങ്ങളും പാപയാഗങ്ങളും നീ ഇച്ഛിച്ചില്ല അവയിൽ പ്രസാദിച്ചതുമില്ല എന്നിങ്ങനെ പറഞ്ഞശേഷം: ഇതാ, ഞാൻ നിന്റെ ഇഷ്ടം ചെയ്‌വാൻ വരുന്നു എന്നു പറഞ്ഞുകൊണ്ടു അവൻ രണ്ടാമത്തേതിനെ സ്ഥാപിപ്പാൻ ഒന്നാമത്തേതിനെ നീക്കിക്കളയുന്നു.

**സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 019**